<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4952</u> <u>20-07-2022 - ൽ മറുപടിയ്ക്ക്</u>

<u>പി.എഫ് തുക അനന്തരാവകാശിക്ക് നൽകാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ആയാംകുടി ഹൈസ്കൂളിൽ നിന്നും 28.02.2019-ൽ റിട്ടയർ ചെയ്യുകയും പിന്നീട് മരണമടയുകയും ചെയ്ത വി.ജി. സന്തോഷ് കുമാറിന്റെ പി.എഫ്. ക്ലോഷർ തുക അദ്ദേഹത്തിന്റെ ഭാര്യ വിജയകുമാരിക്ക് നൽകുവാൻ ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സ്പാർക്കിൽ (ഡെത്ത്) ക്ളോഷറായി സബ്മിറ്റ് ചെയ്തതിനാൽ ബിൽ മാറി എടുക്കാൻ സാധിച്ചില്ല. ടി ബിൽ സ്പാർക്കിൽ നിന്നും മാറുവാൻ സാധിക്കില്ല എന്നറിയിച്ചിരുന്നതിനാൽ കോട്ടയം അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസറുടെ ഓഫിസിൽ നിന്നും എൻ.ഐ.സി (നാഷണൽ ഇൻഫോർമാറ്റിക്ക് സെന്റർ) യുമായി ബന്ധപ്പെട്ട നിലവിലെ ക്ളോഷർ സ്ളിപ്പ് റദ്ദ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെ റദ്ദ് ചെയ്തു കിട്ടിയിട്ടില്ല. ഇപ്രകാരമുള്ള സാങ്കേതിക തടസ്സങ്ങൾ മൂലമാണ് കാലതാമസം നേരിടുന്നത്. |
| (ബി) | ഈ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് നൽകിയ ഇ-602702/2022 നമ്പർ ഫയലിൽ ഡി.പി.ഐ. സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | ഇ-60702/2022 നമ്പർ കത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫിസിൽ ലഭിച്ചിട്ടില്ല. എന്നാൽ 16/5/2022 ലെ 2069410/ഗയ്ൻ പി.എഫ്.13/2022/ ധന.നമ്പർ സർക്കാർ കത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിക്കുകയും പ്രസ്തുത കത്തിൽ ശ്രീ. വി.ഡി.സന്തോഷ് കുമാറിന്റെ പി.എഫ് ക്ളോഷർ അനുവദിച്ച നൽകിയതിനു ശേഷമാണ് ടിയാൻ മരണപ്പെട്ടതെന്നതിനാൽ ടിയാന്റെ പി.എഫ് ക്ളോഷർ നോമിനിക്ക് സ്പാർക്കിൽ പ്രോസസ് ചെയ്യാൻ കഴിയുകയില്ല എന്ന് കണ്ടെത്തിയതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന ക്ളോഷർ ഓർഡർ റദ്ദ് ചെയ്തതിനു ശേഷം പുതിയ ഓർഡർ നോമിനിക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ കോട്ടയം എ.പി.എഫ്.ഒ യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | 2019-ൽ മരണമടഞ്ഞ വ്യക്തിയുടെ അവകാശികൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | അടിയന്തിര നടപടി സ്വികരിച്ചു വരുന്നതായി കോട്ടയം അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ